കേരള സർക്കാർ

സംഗ്രഹം

ശമ്പള പരിഷ്കരണം 2014 – സംസ്ഥാന പുരാരേഖാവകുപ്പ് - ബൈന്റർ തസ്തിക - റേഷ്യോ പ്രൊമോഷൻ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (അനോമലി റെക്റ്റിഫിക്കേഷൻ സെൽ) വകുപ്പ്

സ.ഉ.(കൈ)നം.403/2017/(78)/ധന     തീയതി, തിരുവനന്തപുരം,26/08/2017

---

പരാമർശം :-1.സ.ഉ.(അച്ചടി) നം.7/2016/ധന തീയതി 20.01.2016

2.സംസ്ഥാന പുരാരേഖാവകുപ്പ് ഡയറക്ടറുടെ 18.05.2017 ലെ കത്ത് നം. ഇ2-4157/2016/എസ്.എ.

## ഉത്തരവ്

പരാമർശത്തിലെ ഉത്തരവ് പ്രകാരം സംസ്ഥാന ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പള സ്കെയിലുകൾ 01/07/2014 മുതൽ പുതുക്കി നിശ്ചയിച്ചിരുന്നു. ഇതു പ്രകാരം കോമൺ കാറ്റഗറിയിലെ ബൈന്റർ ഗ്രേഡ് II, ബൈന്റർ ഗ്രേഡ് I തസ്തികകൾക്കും സംസ്ഥാന പുരാരേഖാവകുപ്പിലെ ബൈന്റർ തസ്തികയ്ക്കും യഥാക്രമം 17500-39500, 19000-43600, 18000-41500 എന്നീ ശമ്പള സ്കെയിലുകൾ അനുവദിച്ചിരുന്നു. ഏഴാം ശമ്പള പരിഷ്കരണം വരെ പുരാരേഖാവകുപ്പിലെ ബൈന്റർ തസ്തിക കോമൺ കാറ്റഗറി തസ്തിക ആയിരുന്നുവെന്നും കോമൺ കാറ്റഗറിയിലെപ്പോലെ 2:1 അനുപാതത്തിൽ ഹയർ ഗ്രേഡ് അനുവദിച്ചിരുന്നുവെന്നും സംസ്ഥാന പുരാരേഖാ വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ എട്ടാം ശമ്പള പരിഷ്കരണം മുതൽ ബൈന്റർ തസ്തിക കോമൺ കാറ്റഗറിയിൽ നിന്നും മാറ്റി വകുപ്പുതല തസ്തികയായെങ്കിലും റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടില്ലായെന്നും ആയതിനാൽ കോമൺ കാറ്റഗറിയിലെ ബൈന്റർ തസ്തികയ്ക്ക് അനുവദിച്ചിട്ടുള്ളതു പോലെ പുരാരേഖാ വകുപ്പിലെ ബൈന്റർ തസ്തികയ്ക്ക് ഹയർ ഗ്രേഡ് അനുവദിക്കണമെന്നും സംസ്ഥാന പുരാരേഖാവകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പുരാരേഖാവകുപ്പിൽ 18000-41500 ശമ്പള സ്കെയിലിൽ ഉള്ള ബൈന്റർ തസ്തികയ്ക്ക് 2:1 അനുപാതത്തിൽ 19000-43600 ശമ്പള സ്കെയിലിൽ ഹയർ ഗ്രേഡ് അനുവദിച്ച് ടി തസ്തികകളെ യഥാക്രമം ബൈന്റർ ഗ്രേഡ് II, ബൈന്റർ ഗ്രേഡ് I എന്ന് പുനർ നാമകരണം ചെയ്ത് ഉത്തരവാകുന്നു.

3. ഈ ഉത്തരവിനു 01.04.2016 മുതൽ പ്രാബല്യം ഉണ്ട്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജി. അശോക് കുമാർ**
ജോയിന്റ് സെക്രട്ടറി(ധനകാര്യം)

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ& ഇ/ജി & എസ്.എസ്.എ)
കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഇ & ആർ.എസ്.എ),കേരള, തിരുവനന്തപുരം
ഗവൺമെന്റ് സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ
സംസ്ഥാന പുരാരേഖാവകുപ്പ് ഡയറക്ടർ
ട്രഷറി ഡയറക്ടർ
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-334445)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ